"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട് മേപ്പാടി-ചൂരൽമല ഉരുൾപൊട്ടലിൽ ബാധിതരായ കുടുംബങ്ങളുടെ പുനരധിവാസം — ശ്രീമതി റംലത്ത് , ശ്രീമതി റുഖിയ, ശ്രീ ബീരാൻ എന്നവരെ കൂടി പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

G.O.(Rt)No.26/2026/DMD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:- 1. വയനാട് ജില്ലാ കളക്ടറുടെ 16.05.2025 തീയതിയിലെ DCWYD/1479/2025-DM6 നമ്പർ കത്ത്

2. വയനാട് ജില്ലാ കളക്ടറുടെ 01.08.2025 തീയതിയിലെ DCWYD/1479/2025-DM6 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിൽ 30.07.2024-ന് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങളുടെ പുനരധിവാസത്തിനായി തയാറാക്കിയ ലിസ്റ്റിലെ ഗുണഭോക്താക്കളിൽ നിന്നും സമ്മതപത്രം വാങ്ങിയപ്പോൾ, 2 ബി ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ആയ ശ്രീമതി റംലത്ത് സ്രാംമ്പക്കൽ വീട്, ചൂരൽമല, വെള്ളരിമല , ശ്രീമതി റുഖിയ, കോനാടൻ & others, ശ്രീ ബീരാൻ, പാലിക്കോടൻ വീട്, മുണ്ടക്കൈ, മേപ്പാടി എന്നിവർ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്നില്ലായെന്നും, ലിസ്റ്റിൽ നിന്ന് ഒഴിവാക്കി നൽകണമെന്നും സ്വമേധയാ അപേക്ഷിക്കുകയും മേൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളുകളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതായും പരാമർശം (1) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) എന്നാൽ, മേൽ പറഞ്ഞവർ വീണ്ടും ലിസ്റ്റിൽ ഉൾപെടുത്തണമെന്ന് ഇപ്പോൾ അപേക്ഷിച്ചിരിക്കുന്നുവെന്നും ആയതിനാൽ ഈ കുടുംബങ്ങളെ മുണ്ടക്കൈ-ചൂരൽമല ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം വയനാട് ജില്ലാ കളക്ടർ അപേക്ഷിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പറഞ്ഞ അപേക്ഷകർ പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹത ഉണ്ടായിരുന്നവരായതിനാലും, അവർ സ്വമേധയാ ലിസ്റ്റിൽ നിന്നും ഒഴിവായതിനാലും, മേൽ പറഞ്ഞവരെ ലിസ്റ്റിൽ ഉൾപെടുത്താൻ

തടസം ഇല്ലായെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ, ശ്രീമതി. റംലത്ത്, സ്രാംമ്പക്കൽ വീട്, ചൂരൽമല, വെള്ളരിമല, ശ്രീമതി റുഖിയ, കോനാടൻ & others, ശ്രീ ബീരാൻ, പാലിക്കോടൻ വീട്, മുണ്ടക്കൈ മേപ്പാടി, എന്നിവരെ ചൂരൽമല മുണ്ടക്കൈ പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
ADDITIONAL SECRETARY

പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ

സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ട്

കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാ കളക്ടർ, വയനാട്

ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 09-01-2026 11:02:03